# ഇസ്‌ലാമും പടിഞ്ഞാറും തമ്മിൽ

കാഴ്ചപ്പാട് ● ഫൈസൽ കൊച്ചി

**പാശ്ചാത്യരും** മുസ്‌ലിംകളും ചരിത്രാതീതകാലം മുതൽക്കേ ശത്രുക്കളാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം ഗൗരവമായ ശ്രദ്ധയർഹിക്കുന്നതാണ്. ഒരു കൂട്ടം പാശ്ചാത്യ ബുദ്ധിജീവികളും സങ്കുചിതമനസ്കരായ ചില മുസ്‌ലിം പണ്ഡിതന്മാരും ഇരുപക്ഷത്തെയും പരസ്പരം ബദ്ധവൈരികളാക്കി നിർത്തുന്നതിൽ സായൂജ്യമടയുന്നവരാണ്. പാശ്ചാത്യനാടുകൾ ഒരു മതത്തിന്റെയും ഈറ്റില്ലമാകാതിരുന്നതും അവരുടെ മണ്ണിൽ ഒരു പ്രവാചകന്റെയും കാലടിപ്പാടുകൾ പതിയാതിരുന്നതും മതസമൂഹങ്ങൾക്ക് അവരോടുള്ള അലർജിക്ക് കാരണമായിട്ടുണ്ട്. യുക്തിചിന്തക്കും നവോത്ഥാനത്തിനും പാശ്ചാത്യ പണ്ഡിതർ നേതൃത്വം നൽകിയത് മതസമൂഹങ്ങൾ അവരെ സംശയത്തിന്റെ നിഴലിൽ നിർത്തുന്നതിനും കാരണമായി. ഇതോടൊപ്പം കുരിശുയുദ്ധത്തിന്റെ ഇനിയും ഉണങ്ങിയിട്ടില്ലാത്ത മുറിവുകളും, പർദാനിരോധം, മിനാരവിരോധം തുടങ്ങിയ കാലിക വിവാദങ്ങളും അകൽച്ചയുടെ വ്യാസം ഇടക്കിടെ വികസിപ്പിക്കുകയും ചെയ്തു.

ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തെയോ ജനവിഭാഗത്തെയോ മുൻവിധിയോടെ ശത്രുപക്ഷത്ത് പ്രതിഷ്ഠിക്കുന്നത് ഇസ്‌ലാമിന്റെ ശൈലിയല്ല. ഇസ്‌ലാമിന്റെ ആദ്യനാളുകളിൽ, എതിർപക്ഷത്ത് അടിയുറച്ച് നിന്നവർ തന്നെയാണ് പിന്നീടതിന്റെ പ്രചാരകരും പ്രബോധകരുമായി മാറിയത്. അത്തരം പ്രഗത്ഭരുടെയും പ്രതിഭകളുടെയും ഇസ്‌ലാം സ്വീകരണത്തിനു വേണ്ടി പ്രവാചകൻ ആത്മാർഥമായി ആഗ്രഹിച്ചിരുന്നു. ഇസ്‌ലാം ഇന്ന് പാശ്ചാത്യ ജനവിഭാഗങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. സമകാലിക സാഹചര്യത്തിൽ മുസ്‌ലിംസമൂഹം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനാവശ്യമായ പഠനങ്ങളും പ്രബന്ധങ്ങളും ഇംഗ്ലീഷ് ഭാഷയിൽ ധാരാളമായി പുറത്തിറങ്ങുന്നുണ്ട്. ഈ മേഖലയിൽ, അടുത്തകാലത്തായി ഇസ്‌ലാം സ്വീകരിച്ച പാശ്ചാത്യ ബുദ്ധിജീവികൾ സ്തുത്യാർഹമായ സേവനമാണ് നിർവഹിക്കുന്നത്.

നാടുകളെ ഇസ്‌ലാമികഗേഹങ്ങളെന്നും (ദാറുൽ ഇസ്‌ലാം) യുദ്ധഗേഹങ്ങളെന്നും (ദാറുൽ ഹർബ്) തരംതിരിക്കുന്ന സമീപനം ആദ്യകാല മുസ്‌ലിം പണ്ഡിതന്മാരിൽ ചിലർക്കുണ്ടായിരുന്നു. മുസ്‌ലിം സമൂഹത്തിന്റെ സാഹചര്യവും അവർ ജീവിക്കുന്ന അന്തരീക്ഷവുമൊക്കെ വലിയ സ്വാധീനം ചെലുത്തുന്നതുകൊണ്ടാണ് അപ്രകാരമൊരു വിഭജനം പണ്ഡിതന്മാർക്ക് നടത്തേണ്ടി വന്നത്. ആ കാഴ്ച്ചപ്പാടിനോട് എല്ലാ മുസ്‌ലിം പണ്ഡിതന്മാരും യോജിക്കുകയും ചെയ്തിട്ടില്ല. ഇവ രണ്ടിനോടുമൊപ്പം കരാർഗേഹം (ദാറുൽ അഹ്ദ്) എന്ന മറ്റൊരിനം രാജ്യങ്ങളുണ്ടെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരം വർഗീകരണങ്ങൾ ഗോത്രസംസ്കൃതികാലത്തെ മാനദണ്ഡങ്ങൾ ആസ്പദമാക്കിയുള്ളതാണെന്നും തുല്യപൗരാവകാശങ്ങളുമായി ദേശരാഷ്ട്രങ്ങൾ നിലനിൽക്കുന്ന പുതിയകാലത്ത് അവ അപ്രസക്തമാണെന്നുമാണ് ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. പുതിയകാലത്ത് നിലനിൽക്കുന്ന എല്ലാ രാജ്യങ്ങളും പ്രബോധനഗേഹങ്ങൾ (ദാറുദ്ദഅ്‌വ) മാത്രമാണെന്നാണ് ശൈഖ് ഫൈസൽ മൗലവി അഭിപ്രായപ്പെടുന്നത്. താരീഖ് റമദാന്റെ 'പാശ്ചാത്യ മുസ്‌ലിംകളും യൂറോപ്പിന്റെ ഭാവിയും' എന്ന ഗ്രന്ഥം ഈ വിഷയം വിശദമായി കൈകാര്യം ചെയ്യുന്നുണ്ട്.

പാശ്ചാത്യരോടുള്ള വിരോധം അവർ അധിവസിക്കുന്ന നാടുകളെ യുദ്ധഭൂമികളാക്കി മുദ്രകു

ത്തുന്നതിനും അത്തരമൊരു ചിന്താഗതി മുസ്‌ലിം സമൂഹത്തിൽ വേര് പിടിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്. 'പാശ്ചാത്യമായതെന്തും അനിസ്‌ലാമികം' (Whatever western is anti islamic) എന്ന് പറയാൻ ചിലർക്ക് ധൈര്യം നൽകിയത് ഈ മുൻവിധിയാണ്. പാശ്ചാത്യസമൂഹത്തോട് യോജിക്കുന്ന യാതൊന്നും തന്നെ ഇസ്‌ലാമിലില്ലെന്നും ചിലർ തീർത്തുപറഞ്ഞിട്ടുണ്ട്. യുറോപ്പിൽ ഇസ്‌ലാം ഏറെയൊന്നും പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഈ ഫത്‌വകളും മുദ്രാവാക്യങ്ങളും ആരുമങ്ങനെ ശ്രദ്ധിച്ചിരുന്നില്ല. പിൽക്കാലത്ത് ലണ്ടനും പാരീസുമുൾപ്പെടുന്ന യൂറോപ്യൻ പട്ടണങ്ങളിൽ മുസ്‌ലിംകൾ ചേക്കേറുകയും അവരുടെ സ്വാധീനഫലമായി യുറോപ്യൻ നാടുകളിലെ ജനവിഭാഗങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയും ആഗോള മുസ്‌ലിം സമൂഹത്തിൽ അവർ കണ്ണിയാവുകയും ചെയ്തിട്ടും പാശ്ചാത്യനാടുകൾ ദാറുൽ ഹർബാണെന്ന പിടിവാശി പുതിയ സാഹചര്യത്തിനൊരിക്കലും അനുഗുണമല്ല. പാശ്ചാത്യനാടുകളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇന്ന് അറബ് ജനവിഭാഗങ്ങളുമായും ഇതരനാടുകളിലെ മുസ്‌ലിം സമൂഹവുമായും സുദൃഢബന്ധം പുലർത്തുന്ന സാഹചര്യത്തിൽ വിശേഷിച്ചും.


ശൈഖ് ഫൈസൽ മൗലവി

പ്രവാചകന്മാരുടെ കാലത്തെ മേലാളവർഗം എല്ലായ്പ്പോഴും ഇസ്‌ലാമിക പ്രബോധനത്തിന്റെ എതിർപക്ഷത്ത് നിലയുറപ്പിച്ചവരായിരുന്നു. നബി(സ)യുടെ സമൂഹത്തിലും, അറബ് ജനവിഭാഗത്തിന്റെ ചെങ്കോലും കമ്പോളവും കൈയടക്കി നിയന്ത്രിച്ചിരുന്നവർ പ്രവാചകനെ ശത്രുവായി പ്രഖ്യാപിച്ചു. മദീനയിലെ യഹൂദ-ക്രൈസ്തവ സമൂഹങ്ങളിലെയും മേലാളന്മാരും ഇസ്‌ലാമിനോട് യുദ്ധം പ്രഖ്യാപിച്ചു. രാഷ്ട്രീയ സാമ്പത്തികതാൽപര്യങ്ങൾ സംരക്ഷിക്കേണ്ടിയിരുന്ന നേതൃവിഭാഗങ്ങൾ എല്ലാ കാലത്തും 'ഇസ്‌ലാംപേടി' എന്ന രോഗത്തിന് ഇരയാവുകയും ഇസ്‌ലാമിനെതിരിൽ യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. അപ്പോഴും അവരിലെ ശുദ്ധപ്രകൃതരും നിസ്വാർഥരും ഇസ്‌ലാം ആശ്ലേഷിക്കുകയും ചെയ്തിട്ടുണ്ട്. പാശ്ചാത്യ സമൂഹത്തിൽ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്.

ഇസ്‌ലാമും പാശ്ചാത്യ സമൂഹവും, തമ്മിൽ പക്ഷേ ഒരു മനഃശാസ്ത്രയുദ്ധം ഇന്നും തുടർന്നുവരുന്നുണ്ട്. പാശ്ചാത്യ സമൂഹത്തിന്റെ അധീശത്വം ലോകത്ത് നിലനിർത്തുക വഴി തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാനാഗ്രഹിക്കുന്ന ചെറിയൊരുന്യൂനപക്ഷം നേതാക്കളാണ് ഇതിനുപിന്നിൽ. സ്വന്തം താൽപര്യങ്ങളുടെ സംരംക്ഷണാർഥം അവർ പാശ്ചാത്യ അധിനിവേശ സിദ്ധാന്തവും (Western domination theory) ആവിഷ്കരിച്ചിട്ടുണ്ട്. വംശീയപക്ഷപാതിത്വം, കമ്പോള ദുരാഗ്രഹങ്ങൾ, ചൂഷണം, പലിശ, യുദ്ധം എന്നിവയാണ് പാശ്ചാത്യ അധിനിവേശ സിദ്ധാന്തത്തിന്റെ സാങ്കേതിക സംവിധാനങ്ങൾ. ഭരണാധികാരികൾ, രാഷ്ട്രീയ നേതാക്കൾ, മാധ്യമ വിദഗ്ധർ, കോർപ്പറേറ്റുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ എന്നിവരടങ്ങുന്ന സഖ്യകക്ഷികൾ ഈ പദ്ധതിയുടെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഗുണകാംക്ഷയോടെയുള്ള നാട്യങ്ങളും നാനാർഥങ്ങളുള്ള സുന്ദരമായ മുദ്രാവാക്യങ്ങളും ഇമ്പമുള്ള പദപ്രയോഗങ്ങളുമായി അവർ ദേശരാഷ്ട്രങ്ങളെയും ജനവിഭാഗങ്ങളെയും വശീകരിച്ചു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

മാധ്യമങ്ങൾ ഇന്ന് ഇസ്‌ലാമിനെതിരിൽ ശബ്ദമുഖരിതമാണ്. കാരണം പാശ്ചാത്യ അധിനിവേശസിദ്ധാന്തത്തെയും പദ്ധതിയെയും ചെറുത്തുതോൽപ്പിക്കാൻ ശേഷിയുള്ള ആശയവും പ്രവർത്തനമാതൃകയും കൈവശമുള്ളത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കാണ്. ശാസ്ത്ര സാങ്കേതികവിദ്യ ഇന്നത്തേത് പോലെ വികസിച്ചിട്ടില്ലാത്ത കാലഘട്ടത്തിലാണ് ഇസ്‌ലാം റോമ-പേർഷ്യൻ സാമ്രാജ്യങ്ങളെ കീഴടക്കുകയും സ്പെയിൻ വരെ ഇസ്‌ലാമിക രാജ്യാതിർത്തി വികസിപ്പിക്കുകയും ചെയ്തത്. അതൊരിക്കലും തദ്ദേശീയ ജനവിഭാഗങ്ങളെ ഭയപ്പെടുത്തികൊണ്ടായിരുന്നില്ല, അവരുടെ മനംകവർന്നുകൊണ്ടായിരുന്നു. അധിനിവേശ

സിദ്ധാന്തത്തിന് പകരം സാഹോദര്യ തത്ത്വശാസ്ത്രമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. വംശീയ പക്ഷപാതിത്വത്തിനെതിരെ മാനവിക മൂല്യങ്ങളും കമ്പോള ദുരാഗ്രഹത്തിന് പകരം പരസ്പര സഹായ വ്യവസ്ഥയും പലിശയെ പ്രതിരോധിക്കാൻ സകാത്തും ദാനധർമങ്ങളുമടക്കം, മനുഷ്യവികാസത്തിന്റെ വ്യത്യസ്തമായ അനുഭവമാണ് ഇസ്‌ലാം ലോകത്തിന് സമർപ്പിക്കുന്നത്. പാശ്ചാത്യ അധിനിവേശത്തെ ചെറുക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ജനം വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. മദീന കേന്ദ്രമാക്കി പ്രവാചകൻ നടപ്പിലാക്കിയ സാമൂഹിക ക്ഷേമ സംരംഭങ്ങളുടെ പരിഷ്കരിച്ച മാതൃകകളാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ലോകത്തിന് സമർപ്പിച്ചുവരുന്നത്. ആത്മാർഥത, വിശ്വസ്തത, സ്നേഹം, ത്യാഗം, സത്യസന്ധത എന്നീ മൂല്യങ്ങളാൽ തിളക്കമുള്ളതാണ് പ്രസ്തുത സംരംഭങ്ങൾ. പുതിയ ലോകക്രമത്തിന്റെ ചൂഷണത്തിന് വിധേയരാവുന്ന ജനവിഭാഗങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സാമൂഹിക ക്ഷേമസംരംഭങ്ങളുടെ ഗുണഭോക്താക്കളാണ്. ഈ ജനവിഭാഗങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ വിശ്വാസത്തിലെടുക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരായി മറ്റൊരാരോപണവും വിജയിക്കുകയില്ല എന്ന ബോധ്യമുള്ളതു കൊണ്ടാണ് പാശ്ചാത്യ മേധാവിത്വവാദികൾ 'ഭീകരമുദ്ര' അവരുടെ മേൽ ചാർത്തുന്നത്. ■